**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1574** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂനികുതി സ്വീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിലെ പെരകമണ്ണ, എടവണ്ണ എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന കുട്ടാടൻ മല, മഞ്ചേരി മല എന്നീ മലവാരങ്ങളിൽ 1968 മുതൽ 2009 വരെ നികുതി അടച്ച് കൈവശം വച്ച വരുന്നതും കൃഷി ചെയ്തുവന്നിരുന്നതുമായ ജന്മം തീറാധാരം, കൈവശ തീറാധാരം, ലാൻഡ് ട്രൈബ്യൂണൽ പട്ടയം മുതലായ കൈവശാവകാശ രേഖകൾ ഉള്ളവർ, 1996 വരെയും 2009 വരെ നികുതി അടച്ച രസീതുകൾ, കൈവശാവകാശ രേഖകൾ ഉള്ളവർ, മുൻകാല സർവ്വേകളിലൊക്കെ തന്നെ കൈവശ കുടിയേറ്റ രേഖകളുള്ള ഇ പി എൽ ആക്ടിൽ വരാത്ത ഭൂമി കൈവശം വച്ചിരിക്കുന്നവർ, എന്നിവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരകമണ്ണ, എടവണ്ണ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന കുട്ടാടൻ മല, മാഞ്ചേരി മല എന്നീ മലവാരങ്ങളിൽ നിയമാനുസൃതം പതിച്ചു നൽകിയ രേഖകളുള്ള ഭൂമികൾക്ക് ഭൂനികുതി സ്വീകരിക്കുന്നുണ്ട്. അല്ലാത്തവയ്ക്ക് ഭൂനികുതി സ്വീകരിക്കുന്നത് താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.<br><br>പെരകമണ്ണ, എടവണ്ണ വില്ലേജുകളിൽ വനം വകുപ്പിന്റെ കൈവശത്തിലുണ്ടായിരുന്ന ഭൂമി വെസ്റ്റഡ് ഫോറസ്റ്റ് ആക്ട് പ്രകാരം റവന്യു വകുപ്പിന് കൈമാറിയതിൽ അർഹരായ കക്ഷിൾക്ക് പതിച്ചു നൽകിയതിന് ശേഷം അവശേഷിക്കുന്ന ഭൂമി തിരികെ വനം വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ നിലവിലുള്ള WP(C)32113/2014 കേസിലെ അന്തിമവിധി വരുന്ന മുറയ്ക്ക് മേൽ വിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഭൂമിയിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്നും, പ്രസ്തുത പ്രശ്നം പരിഹരിച്ച് വർഷങ്ങളായി പട്ടയം ലഭിച്ച് ഭൂനികുതി അടച്ച് കൃഷിയും മറ്റും ചെയ്തിരുന്ന ഭൂമിയിൽ നിന്നും തുടർന്നും ഭൂനികുതി സ്വീകരിക്കുന്നതിന് വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരകമണ്ണ, എടവണ്ണ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന കുട്ടാടൻ മല, മാഞ്ചേരി മല എന്നീ മലവാരങ്ങളിൽ നിയമാനുസൃതം പതിച്ചു നൽകിയ രേഖകളുള്ള ഭൂമികൾക്ക് ഭൂനികുതി സ്വീകരിക്കുന്നുണ്ട്. അല്ലാത്തവയ്ക്ക് ഭൂനികുതി സ്വീകരിക്കുന്നത് താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.<br><br>പെരകമണ്ണ, എടവണ്ണ വില്ലേജുകളിൽ വനം വകുപ്പിന്റെ കൈവശത്തിലുണ്ടായിരുന്ന ഭൂമി വെസ്റ്റഡ് ഫോറസ്റ്റ് ആക്ട് പ്രകാരം റവന്യൂ വകുപ്പിന് കൈമാറിയതിൽ അർഹരായ കക്ഷിൾക്ക് പതിച്ചു നൽകിയതിന് ശേഷം അവശേഷിക്കുന്ന ഭൂമി തിരികെ വനം വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ നിലവിലുള്ള |

| | | | |
|---|---|---|---|
| | | | WP(C)32113/2014 കേസിലെ അന്തിമവിധി വരുന്ന മുറയ്ക്ക് മേൽ വിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ